# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 198 — 08.06.2015-ൽ മറുപടിയ്ക്ക്

### പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ) ആക്റ്റ് 1989 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ്; | (എ) 3,766 കേസ്സുകൾ രജിസ്റ്റർ ചെയ്തു. |
| (ബി) രജിസ്റ്റർ ചെയ്യപ്പെട്ട ആകെ കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്രയാണ് ; | (ബി) 924 കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാനുണ്ട്. |
| (സി അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസ്സുകൾ എത്രയാണെന്നും അതിൽ ഒരു വർഷവും രണ്ട് വർഷവും അതിൽ കൂടുതലും പിന്നിട്ട കേസ്സുകൾ എത്രയാണെന്നും വെളിപ്പെടുത്തുമോ ; | (സി അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസ്സുകൾ - 519<br>ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയിലുള്ള കേസ്സുകൾ - 51<br>രണ്ടു വർഷത്തിനും മൂന്നു വർഷത്തിനുമിടയിലുള്ള കേസ്സുകൾ - 11<br>മൂന്നിൽ കൂടുതൽ വർഷം പിന്നിട്ട കേസ്സുകൾ - 16 |
| (ഡി) തീരുമാനമാകാത്ത കേസ്സുകളിൽ എത്രപേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട് ; | (ഡി) തീരുമാനമാകാത്ത കേസ്സുകളിൽ 513 പേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത കേസ്സുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന അതിക്രമങ്ങൾ എത്രയെന്നും കൊലപാതകങ്ങൾ , സ്ത്രീപീഡനങ്ങൾ, ബലാത്സംഗങ്ങൾ എന്നിവ എത്ര വീതമെന്നും വ്യക്തമാക്കുമോ ? | ഇ) | രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു :-<br><br>സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങൾ/ സ്ത്രീപീഡനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ (ബലാത്സംഗം ഒഴികെ) - 1,076<br>കുട്ടികൾക്കു നേരെ നടന്ന അതിക്രമങ്ങൾ /പീഢനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ - 261<br>കൊലപാതകവുമായി ബന്ധപ്പെട്ട കേസ്സുകൾ -14<br>ബലാത്സംഗ കേസ്സുകൾ - 614 |

സെക്ഷൻ ഓഫീസർ